പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 290 **12-10-2026-ൽ മറുപടിയ്ക്ക്**

<u>കെ-സ്മാർട്ട്</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. കെ. എം. ഷാജി

(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) കെ-സ്മാർട്ട്-ലെ അപാകത മൂലം കെട്ടിട പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>മറുപടി:</u> കെ-സ്മാർട്ട്-ലെ അപാകത മൂലം കെട്ടിട പെർമിറ്റ് അനുവദിക്കുന്നതിൽ പൊതുവായി കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. പെർമിറ്റ് ലഭിക്കുന്നതിൽ കാലതാമസമുണ്ടായത് സംബന്ധിച്ച് ലഭ്യമായ പരാതികൾ പരിശോധിച്ചതിൽ ഏതെങ്കിലും പുതിയ അപ്ഡേറ്റുകൾ വിന്യസിക്കുന്ന വേളയിൽ സാങ്കേതിക തടസ്സം ഉണ്ടായിട്ടുള്ളത് കാലതാമസത്തിനിടയാകാതെ തന്നെ പരിഹരിച്ചിട്ടുള്ളതാണ്.

(ബി) ഉണ്ടെങ്കിൽ അപാകതകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

<u>മറുപടി:</u> കെ-സ്മാർട്ട്-ലെ അപാകത മൂലം കെട്ടിട പെർമിറ്റ് അനുവദിക്കുന്നതിൽ പൊതുവായി കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. പെർമിറ്റ് ലഭിക്കുന്നതിൽ കാലതാമസമുണ്ടായത് സംബന്ധിച്ച് ലഭ്യമായ പരാതികൾ പരിശോധിച്ചതിൽ ഏതെങ്കിലും പുതിയ അപ്ഡേറ്റുകൾ വിന്യസിക്കുന്ന വേളയിൽ സാങ്കേതിക തടസ്സം ഉണ്ടായിട്ടുള്ളത് കാലതാമസത്തിനിടയാകാതെ തന്നെ പരിഹരിച്ചിട്ടുള്ളതാണ്.

(സി) കെ-സ്മാർട്ട് സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാർ മൂലം കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

<u>മറുപടി:</u> സോഫ്റ്റ് വെയറിലെ സാങ്കേതിക തകരാർ മൂലം അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി കണ്ടെത്തിയിട്ടില്ലാത്തതാണ്.

സെക്ഷൻ ഓഫീസർ